15
മാർച്ച് 2019 വെള്ളി
1194 മീനം 01
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

മോദി ജനങ്ങളെ കേൾക്കാത്ത പ്രധാനമന്ത്രി: രാഹുൽഗാന്ധി

മോദിയുടെ മൻ കീ ബാത്ത്, വ്യക്തി കടലിനോട് ആജ്ഞാപിക്കുന്നതു പോലെ

കോഴിക്കോട്: ജനങ്ങളെ കേൾക്കാത്ത പ്രധാനമന്ത്രിയാണ് അഞ്ച് വർഷം രാജ്യം ഭരിച്ചതെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി വിമർശിച്ചു. കോഴിക്കോട് കടപ്പുറത്ത് കോൺഗ്രസിന്റെ ജനമഹാറാലിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനങ്ങളുടെ മൻ കീ ബാത്ത് കേൾക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി തയ്യാറായില്ല. അടുത്ത ആഴ്ച ചെയ്യാൻ പോവുന്ന കാര്യങ്ങൾ ജനങ്ങളോട് വിളിച്ച പറയുക മാത്രമാണ് ചെയ്യുന്നത്. ഒരു വ്യക്തി കടലിനോട് ആജ്ഞാപിക്കുന്നത് പോലെയാണിത്. താൻ എല്ലാ ആഴ്ചയിലും മാദ്ധ്യമങ്ങളെ കാണുകയും അവരുടെ ചോദ്യത്തിന് മറുപടി നൽകുകയും ചെയ്യുന്നുണ്ട്. പ്രധാനമന്ത്രി അതിന് തയ്യാറാകുന്നില്ല.

കോൺഗ്രസ് രാജ്യത്തിന്റെ ശബ്ദമാണ്. അത് ഒരു വ്യക്തിയുടേയോ ഒരു വിഭാഗത്തിന്റേയോ ഒരു മതത്തിന്റെയോ അല്ല. രാജ്യത്തെ വൈവിദ്ധ്യമാർന്ന വിശ്വാസങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും കോൺഗ്രസ് അംഗീകരിക്കും.

പ്രത്യയശാസ്ത്ര പോരാട്ടമാണ് നടക്കുന്നത്. ഒരു ഭാഗത്ത് കോൺഗ്രസും സഖ്യ കക്ഷികളും മറ്റു ഭാഗത്ത് ബി.ജെ.പിയും ആർ.എസ്.എസും. സ്വന്തം പ്രത്യയശാസ്ത്രം മാത്രമാണ് ശരിയെന്ന് വിശ്വസിക്കുന്നവരാണ് ബി.ജെ.പി.യും ആർ.എസ്.എസും. കോൺഗ്രസ് ജനങ്ങളെ യജമാനന്മാരായാണ് കാണുന്നത്. കോൺഗ്രസ് ഒരാളിലും ഒന്നും അടിച്ചേല്പിക്കില്ല.

റാഫേൽ ഇടപാടിൽ നീതി നടപ്പായാൽ നരേന്ദ്രമോദിയും അനിൽ അംബാനിയും ജയിലിലാകും. പ്രധാനമന്ത്രി നീതിയെ നേരിടേണ്ടിവരും. മോദി ഇടപെട്ടാണ് റാഫേൽ കരാർ വ്യവസ്ഥകൾ മാറ്റിയത്. 30,000 കോടി രൂപ അനിൽ അംബാനിക്ക് നേട്ടമുണ്ടായി. ഇക്കാര്യം അന്വേഷിച്ച സി.ബി.ഐ ഡയറക്ടറെ മാറ്റി. മോദി സമ്പന്നരെ ഭായ് എന്നാണ് വിളിക്കുന്നത്. അവരാണ് അദ്ദേഹത്തെ ചാനലുകളിലും പത്രങ്ങളിലും കൊണ്ടാടുന്നത്. അവർക്കായി മുന്നര ലക്ഷം കോടി രൂപയാണ് എഴുതിത്തള്ളിയത്. കർഷകരെ ഭായ് എന്ന് വിളിക്കാറില്ല. അവരെ കേൾക്കാറുമില്ല.

കച്ചവടക്കാരനോടോ കർഷകനോടോ അദ്ദേഹം സംസാരിച്ചിരുന്നെങ്കിൽ നോട്ട് നിരോധനത്തിന്റെ ആഘാതം തിരിച്ചറിഞ്ഞേനെ. 70 വർഷം ഇന്ത്യൻ സമ്പദ് വ്യവസ്ഥ നിയന്ത്രിച്ച റിസർവ് ബാങ്കിനോടും പോലും ഇക്കാര്യത്തിൽ ആശയവിനിമയം നടത്തിയില്ല

പുൽവാമയിൽ സൈനികർ കൊല്ലപ്പെട്ടപ്പോൾ മോദി സിനിമയിൽ അഭിനയിക്കുകയായിരുന്നു. മോദി രണ്ട് ഇന്ത്യയെ ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഒന്ന് 15 സമ്പന്നരുടെ ഇന്ത്യ, മറ്റേത് മറ്റ് എല്ലാ വിഭാഗങ്ങളുടെയും ഇന്ത്യ. കോൺഗ്രസ് അധികാരത്തിൽ വന്നാൽ ഏറ്റവും കൂറഞ്ഞ വരുമാന രേഖ ഉണ്ടാക്കും. ദേശീയ വരുമാനത്തിന്റെ ആറ് ശതമാനം വിദ്യാഭ്യാസത്തിന് നീക്കിവയ്ക്കും. പാർലമെന്റിലും നിയമസഭകളിലും 33 ശതമാനം സീറ്റ് വനിതകൾക്ക് സംവരണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ശരത് ലാലിന്റെ വീട്ടിലെത്തിയ രാഹുൽ ഗാന്ധി അച്ഛൻ സത്യനാരായണനെ ആശ്വസിപ്പിക്കുന്നു

കൃപേഷിന്റെ വീട്ടിലെത്തിയ രാഹുൽഗാന്ധി അച്ഛൻ കൃഷ്ണനെ ആശ്വസിപ്പിക്കുന്നു

സി. പി.എമ്മിന്റെ ശ്രദ്ധ അക്രമ രാഷ്ട്രീയത്തിൽ

എക്കാലവും അക്രമരാഷ്ട്രീയത്തിലൂടെ അധികാരത്തിൽ തുടരാമെന്നാണ് സി.പി.എം കരുതുന്നതെന്നും എന്നാൽ അത് നടക്കില്ലെന്നും രാഹുൽ ഗാന്ധി പറഞ്ഞു. അക്രമത്തിൽ മാത്രമാണ് സി.പി.എമ്മിന്റെ ശ്രദ്ധ. സി.പി.എമ്മും ബി.ജെ.പിയും അക്രമത്തെ പ്രോത്സാഹിപ്പിക്കുകയാണ്. ദുർബലന്റെ ആയുധമാണ് അക്രമം. സുന്ദരൻമാരായ രണ്ട് ചെറുപ്പക്കാരെയാണ് സി. പി. എം കൊലപ്പെടുത്തിയത്. അവർക്ക് നീതി ലഭിക്കും. സി.പി.എമ്മിന്റെ പ്രത്യയശാസ്ത്രം പൊള്ളയാണെന്ന് തിരിച്ചറിയാൻ അവർക്ക് കുറച്ചുകാലം കൂടി വേണ്ടിവരുമെന്നും രാഹുൽ പറഞ്ഞു.

ജോസഫ് ഇടുക്കിയിൽ യു.ഡി.എഫ് സ്വതന്ത്രൻ?

കോൺഗ്രസ് വക്താവ് ടോം വടക്കൻ ബി.ജെ.പിയിൽ

ന്യൂഡൽഹി: കോൺഗ്രസ് വക്താവും മലയാളിയുമായ ടോം വടക്കൻ ബി.ജെ.പിയിൽ ചേർന്നു. കോൺഗ്രസിൽ കടുംബാധിപത്യമാണെന്നും ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന രീതിയാണെന്നും ആരോപിച്ച അദ്ദേഹം നരേന്ദ്രമോദിയുടെ നേതൃത്വം രാജ്യത്ത് വികസനംകൊണ്ടുവന്നവെന്നും പറഞ്ഞു. ടോം വടക്കനെ ബി.ജെ.പി കേരളത്തിൽ സ്ഥാനാർത്ഥിയാക്കുമെന്ന് സൂചനയുണ്ട്.

ഇന്നലെ ബി.ജെ.പി ആസ്ഥാനത്ത് കേന്ദ്രമന്ത്രിയും ബി.ജെ.പി വക്താവുമായ രവിശങ്കർ പ്രസാദ് പത്രസമ്മേളനത്തിലാണ് ടോം വടക്കന്റെ പാർട്ടി പ്രവേശനം പ്രഖ്യാപിച്ചത്. കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി കേരളത്തിൽ സന്ദർശനം നടത്തിയദിവസം തന്നെ ടോം വടക്കനെ സ്വന്തം പാളയത്തിൽ എത്തിക്കാൻ ബി.ജെ.പി തിരഞ്ഞെടുത്തതും ശ്രദ്ധേയമായി.

പുൽവാമഭീകരാക്രമണത്തിൽ കോൺഗ്രസിന്റെ രാജ്യവിരുദ്ധ നിലപാട് തന്നെ വേദനിപ്പിച്ചെന്നും അതിനാലാണ് പാർട്ടി വിടുന്നതെന്നും ടോം വടക്കൻ പത്രസമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ ദിവസം വരെ കോൺഗ്രസ് വക്താവെന്ന നിലയിൽ എഴുതിത്തരുന്നത് വായിക്കുന്ന ജോലിയായിരുന്നു. പറഞ്ഞതെല്ലാം തന്റെ നിലപാടായിരുന്നില്ല. ഒന്നിലധികം അധികാര കേന്ദ്രങ്ങളാണ് കോൺഗ്രസിനെ നിയന്ത്രിക്കുന്നതെന്നും ടോം വടക്കൻ പറഞ്ഞു.

◗രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: കേരള കോൺഗ്രസ്-എമ്മിൽ നിന്ന് മാണിയോട് ഇടഞ്ഞ് പിളരാനൊരുങ്ങുന്ന പി. ജെ. ജോസഫ് ഇടുക്കിയിൽ യു.ഡി.എഫിന്റെ പൊതുസ്വതന്ത്ര സ്ഥാനാർത്ഥി ആയേക്കും.

ഇതിനുള്ള അണിയറനീക്കം അവസാന ഘട്ടത്തിലാണ്. തർക്കം സൃഷ്ടിച്ച തലവേദന തീർക്കാൻ ജോസഫിനെ സ്ഥാനാർത്ഥിയാക്കുകയെന്ന ഫോർമുല കെ.എം. മാണിയും അംഗീകരിക്കുമെന്നാണറിയുന്നത്.

ഇന്നലെ കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽഗാന്ധിയുടെ സാന്നിദ്ധ്യത്തിൽ നടന്ന നാടകീയ നീക്കങ്ങൾക്കിടെയാണ് ഇങ്ങനെയൊരു ഫോർമുല രൂപപ്പെടുത്തുന്നത്. മുസ്ലിംലീഗ് അഖിലേന്ത്യാ ജനറൽസെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടിയുടെ മദ്ധ്യസ്ഥതയാണ് ഇതിലേക്ക് കാര്യങ്ങളെത്തിച്ചത്. യു.ഡി.എഫിന്റെ പൊതുസ്വതന്ത്രൻ ആകുന്നത് കൊണ്ടുതന്നെ ഭാവിയിൽ ജോസഫ് ഗ്രൂപ്പിനെ പുനരുജ്ജീവിപ്പിക്കാനുള്ള സാദ്ധ്യതയും കണക്കുകൂട്ടുന്നുണ്ട്. ജയിച്ച് എം.പിയായാൽ ജോസഫിന് സാങ്കേതികമായി ആ പാർട്ടിയുടെ ഭാഗമാകാനാവില്ലെങ്കിലും പിന്നീട് അതിലേക്ക് എത്താം.

എ. ഐ. സി. സി ജനറൽ സെക്രട്ടറി ഉമ്മൻചാണ്ടിയെ ഇടുക്കിയിൽ മത്സരിപ്പിക്കാൻ കേരളത്തിൽ നിന്ന് സമ്മർദ്ദമുണ്ടാവുകയും അദ്ദേഹം വഴങ്ങാതിരിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ കോൺഗ്രസിനും പ്രത്യേകിച്ച് എ ഗ്രൂപ്പിനും ഇടുക്കി പ്രതിസന്ധി ഒഴിവാക്കാൻ ഈ ഫോർമുല സഹായകമാണ്. ഇതിനൊപ്പം ഉമ്മൻചാണ്ടി പത്തനംതിട്ടയിൽ സ്ഥാനാർത്ഥിയാകാനുള്ള സാഹചര്യവും ഉണ്ട്.

പിളർന്നില്ലെങ്കിലും ഇടുക്കി, കോട്ടയം മേഖലകളിൽ രണ്ട് പാർട്ടികളെ പോലെയാണ് മാണി, ജോസഫ് വിഭാഗങ്ങൾ നീങ്ങുന്നത്. ഇത്തിരഞ്ഞെടുപ്പുകാലത്ത് സൃഷ്ടിക്കുന്ന പ്രതിസന്ധി ചെറുതാവില്ലെന്ന് കോൺഗ്രസ് നേതൃത്വം കരുതുന്നു. കഴിഞ്ഞദിവസം കോൺഗ്രസിന്റെ ഉന്നത നേതാക്കളെ കണ്ട പി.ജെ. ജോസഫും മോൻസ് ജോസഫ് എം. എൽ.എയും ടി.യു. കുരുവിളയും ആവശ്യപ്പെട്ടത്, കോട്ടയം, ഇടുക്കി മേഖലകളിൽ യു.ഡി.എഫ് വിജയത്തിനായി ജോസഫ് വിഭാഗത്തെ കൂടി ഉൾക്കൊണ്ടുള്ള ഒരു സമീപനം ഉണ്ടാവണമെന്നാണ്.

പി.ജെ. ജോസഫ് യു.ഡി.എഫ് സ്വതന്ത്രനായാലും തത്കാലം മാണിഗ്രൂപ്പിന്റെ അക്കൗണ്ടിലുള്ള എം.എൽ.എ സ്ഥാനം ഒഴിയില്ല. ഭാവിയിൽ നിയമവശങ്ങൾ കൂടി പരിശോധിച്ചശേഷമാകും മറ്റ്കാര്യങ്ങൾ തീരുമാനിക്കുക. യു.ഡി.എഫ് തങ്ങളെ പരിഗണിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നതോടെ കോട്ടയത്ത് ഉൾപ്പെടെ ഇരുപത്മണ്ഡലങ്ങളിലും യു.ഡി.എഫ്വിജയത്തിനായിനിലകൊള്ളുമെന്നും കഴിഞ്ഞദിവസത്തെ കൂടിക്കാഴ്ചയിൽ കോൺഗ്രസ് നേതാക്കളോട് ജോസഫ് വ്യക്തമാക്കിയിരുന്നു.

രാഹുലുമായുള്ള ചർച്ചയിൽ മാണി - ജോസഫ് തർക്കവും

തൃശ്ശൂർ: തൃപ്രയാറിലെ ഫിഷർമെൻ പാർലമെന്റ് സമ്മേളനത്തിന് എത്തിയ രാഹുൽ ഗാന്ധിയെ സംസ്ഥാനത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ നേതാക്കൾ ധരിപ്പിച്ചു. സ്ഥാനാർത്ഥി ചർച്ചകളും സജീവമായി. കോട്ടയം സീറ്റിനെ ചൊല്ലിയുള്ള മാണി - ജോസഫ് തർക്കവും നേതാക്കൾ രാഹുലിനെ അറിയിച്ചതായി സൂചനയുണ്ട്. രാഹുലിന്റെ നിർദ്ദേശമനുസരിച്ചുള്ള മറുപടിയാകും ഇന്ന് ജോസഫിന് നൽകുക. ഉമ്മൻ ചാണ്ടി, വി.എം. സുധീരൻ, മുല്ലപ്പള്ളി രാമചന്ദ്രൻ, കെ.സി. വേണുഗോപാൽ എന്നിവർ മത്സരത്തിൽ നിന്ന് മാറിനിൽക്കാനുള്ള ആഗ്രഹം ഒരിക്കൽകൂടി രാഹുലിനെ അറിയിച്ചതായാണ് വിവരം. രാഹുൽ കൃത്യമായ മറുപടി നൽകിയില്ല.

മുന്നണിക്ക് ആശ്വാസം

- യു.ഡി.എഫ് പൊതുസ്വതന്ത്രനായി ഇടുക്കിയിൽ മത്സരിപ്പിച്ചാൽ മുന്നണിയിലെ പ്രതിസന്ധി തത്കാലം ഒഴിവാകും.
- ജോസഫിനെ കോൺഗ്രസ് നേതാക്കൾ കൈകൊടുത്ത് ഉയർത്തുന്നത് മാണിക്കും ജോസ് കെ. മാണിക്കും ക്ഷീണമാണ്.

വിശദവാർത്ത പേജ് 7

പിന്നാക്ക സ്കോളർഷിപ്പ് മുടങ്ങും

2 ലക്ഷം വിദ്യാർത്ഥികൾ ആശങ്കയിൽ

KAUMUDI SPECIAL

◗ടി.കെ.സുനിൽകുമാർ

കൊച്ചി: സംസ്ഥാനത്തെ രണ്ട് ലക്ഷത്തോളം പിന്നാക്ക വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പ്രീമെട്രിക് സ്കോളർഷിപ്പ് ഇക്കൊല്ലം നഷ്ടമാകുന്ന സ്ഥിതിയിലായി. സാമ്പത്തിക വർഷം തീരാൻ ദിനങ്ങൾ മാത്രം ശേഷിക്കേ സംസ്ഥാന വിഹിതമോ കേന്ദ്രത്തിൽ നിന്ന് കിട്ടിയ വിഹിതമോ അനുവദിച്ചിട്ടില്ല. സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ ലിസ്റ്റ് പോലും പ്രസിദ്ധീകരിച്ചിട്ടുമില്ല. സാമ്പത്തിക പ്രതിസന്ധിയാണ് പ്രശ്നമെന്നാണ് ധനവകുപ്പ് പറയുന്നത്. ഈ മാസം കഴിഞ്ഞാൽ കേന്ദ്രഫണ്ട് ലാപ്സാകും. സംസ്ഥാന വിഹിതം നൽകാനുമാകില്ല. ബഡ്ജറ്റിൽ 25 കോടി സംസ്ഥാന വിഹിതവും 25 കോടി പ്രതീക്ഷിത കേന്ദ്രവിഹിതവുമായി 50 കോടിയാണ് ഇക്കൊല്ലം വകയിരുത്തിയത്.

കേന്ദ്രം അനുവദിച്ചത് 6.05 കോടി. ഇതിൽ 4.53 കോടി രൂപ കഴിഞ്ഞ ഏപ്രിലിൽ തന്നെ ലഭിച്ചു. ആഗസ്റ്റിൽ മുന്നു ലക്ഷത്തോളം കുട്ടികളിൽ നിന്ന് അപേക്ഷയും സ്വീകരിച്ചു. മുൻവർഷം 3,42,467 കുട്ടികൾക്കായി 28.65 കോടിയാണ് നൽകിയത്.

പ്രീമെട്രിക് സ്കോളർഷിപ്പ്

സർക്കാർ, എയിഡഡ് സ്കൂളുകളിലെ ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള പാവപ്പെട്ട കുട്ടികൾക്ക് നൽകുന്നതാണ് പ്രീമെട്രിക് സ്കോളർഷിപ്പ്. കുടുംബത്തിന്റെ വാർഷിക വരുമാന പരിധി രണ്ടര ലക്ഷം രൂപ. പിന്നാക്ക വിഭാഗ വികസന വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുകനൽകും. കേന്ദ്രവിഹിതം കുറഞ്ഞാലും 25 കോടി സംസ്ഥാനം അനുവദിക്കാറാണ് പതിവ്. കഴിഞ്ഞ വർഷം വരെ എൽ.പി 750, യു.പി 900, ഹൈസ്കൂൾ 1000 എന്നിങ്ങനെയായിരുന്ന സ്കോളർഷിപ് പിന്നെ എല്ലാവർക്കും 1500 രൂപ വീതമാക്കി ഏകീകരിച്ചു. ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ സ്കോളർഷിപ്പ് തുക ഇതിലും അധികമായതിനാൽ ഹൈന്ദവ പിന്നാക്ക വിഭാഗക്കാരാണ് മിക്കവാറും ഇതിന്റെ ഗുണഭോക്താക്കൾ.

കരമനയിൽ യുവാവിന്റെ ജീവനെടുത്തത് ഗുണ്ടാസംഘങ്ങളുടെ കുടിപ്പക

തിരുവനന്തപുരം: യൂത്ത് കോൺഗ്രസ് പ്രവർത്തകനായ കൊഞ്ചിറവിള സ്വദേശി അനന്തു ഗിരീഷിനെ (21) കരമന തളിയലിൽനിന്ന് തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവത്തിനു പിന്നിൽ ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള കുടിപ്പകയാണെന്ന് പൊലീസ് കണ്ടെത്തി. കൊലപാതകത്തിൽ ഉൾപ്പെട്ട 13 പേരിൽ 5 പേരെ അറസ്റ്റ് ചെയ്തു. ബാക്കിയുള്ളവരെ ഉടൻ പിടികൂടുമെന്ന് സിറ്റി പൊലീസ് കമ്മിഷണർ സഞ്ജയ്കുമാർ ഗുരുദിൻ പറഞ്ഞു. കൊഞ്ചിറവിളസ്വദേശികളായകിരൺകൃഷ്ണൻ,മുഹമ്മദ്റോഷൻ, അരുൺബാബു, അഭിലാഷ്, റാം കാർത്തിക് എന്നിവരാണ് അറസ്റ്റിലായത്. കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്തവരാണിവർ. പ്രതികളെല്ലാം 25 വയസിൽ താഴെയുള്ളവരാണ്.

കൊഞ്ചിറവിള ക്ഷേത്രത്തിലെ ഉത്സവത്തിനിടെ ഉണ്ടായ അടിപിടിയാണ് കൊലപാതകത്തിൽ കലാശിച്ചതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന രണ്ട് സംഘങ്ങൾ തമ്മിൽ തർക്കം നിലനിന്നതായി പൊലീസ് അന്വേഷണത്തിൽ വ്യക്തമായി. ഇരു സംഘങ്ങൾക്കെതിരെയും നിരവധി കേസുകൾ നിലവിലുണ്ട്. കൊലപാതകത്തിന്റെ ചിലദൃശ്യങ്ങളും പൊലീസിന് ലഭിച്ചു. പ്രതികളിൽ ചിലരുടെ ഫോണിൽ നിന്നാണ് ദൃശ്യങ്ങൾ ലഭിച്ചത്. അനന്തു ജീവനവേണ്ടി പിടഞ്ഞ് നിലവിളിക്കുന്നത് മൊബൈലിൽ ചിത്രീകരിക്കുകയായിരുന്നു.

കൊഞ്ചിറവിള സ്വദേശി അനന്തു ഗിരീഷിന്റെ കൊലപാതകക്കേസിലെ പ്രതികളായ കിരൺകൃഷ്ണൻ, മുഹമ്മദ് റോഷൻ, അരുൺബാബു, അഭിലാഷ്, റാം കാർത്തിക് എന്നിവരെ തെളിവെടുപ്പിനായി കൊണ്ടുപോകുന്നു

പൊലീസിന് വീഴ്ചയില്ല: കമ്മിഷണർ

യുവാവിനെ കാണാതായെന്ന പരാതിയിൽ അന്വേഷണം നടത്തുന്നതിൽ പൊലീസിന് വീഴ്ചസംഭവിച്ചിട്ടില്ലെന്ന് സിറ്റി പൊലീസ് കമ്മിഷണർ സഞ്ജയ്കുമാർ ഗുരുദിൻ പറഞ്ഞു. പരാതി കിട്ടിയപ്പോൾ തന്നെ അന്വേഷണം ആരംഭിച്ചിരുന്നു. അന്വേഷണം ശരിയായ ദിശയിൽ ആയതുകൊണ്ടാണ് പ്രതികളെ ഉടൻ പിടികൂടാൻ സാധിച്ചത്. മനഃശ്യാവകാശകമ്മിഷനെ ഇക്കാര്യങ്ങൾ ബോധിപ്പിക്കും.

നിർണായകമായത് പ്രതിയുടെ കുമ്പസാരം

പൊലീസ് പിടിയിലായ അഞ്ചു പ്രതികളിൽ ഒരാളുടെ വെളിപ്പെടുത്തലാണ് അനന്തുകൊലക്കേസിന് തുമ്പുണ്ടാക്കിയത്.

കൃത്യത്തിൽ പങ്കെടുത്ത പ്രതി കഞ്ചാവിന്റെ ലഹരി മാറിയപ്പോൾ ബുധനാഴ്ച രാവിലെ അയാളുടെ അച്ഛനോട് സംഭവത്തെ കുറിച്ച് പറഞ്ഞു. മുമ്പ് ഒരു കൊലക്കേസിൽ പ്രതിയായ അച്ഛൻ ഇയാളുടെ സുഹൃത്ത് വഴി പൊലീസിനെ വിവരമറിയിച്ചു. പൊലീസിന് ലഭിച്ച വിവരമനുസരിച്ച് സ്ഥലത്ത് ആദ്യം പരിശോധിച്ചെങ്കിലും ഒന്നും കണ്ടില്ല. തെറ്റായ വിവരം നൽകിവഴി തെറ്റിക്കാനുള്ള ശ്രമമെന്നായിരുന്നു ആദ്യം കരുതിയത്.

എന്നാൽ കുറ്റിക്കാട്ടിലെ കൃത്യമായ സ്ഥലം പറഞ്ഞുകൊടുത്തതോടെ പൊലീസ് വീണ്ടും അവിടെയെത്തി പരിശോധിച്ചപ്പോഴാണ് മൃതദേഹം കണ്ടെത്തിയത്.

ലഹരി മാഫിയയുടെ കുത്തേറ്റ് യുവാവിന് ദാരുണാന്ത്യം

- പരിക്കേറ്റ രണ്ടു പേർ ചികിത്സയിൽ
- സംഭവം ഇന്നലെ രാത്രി 11ന് ശ്രീവരാഹത്ത്
- രണ്ടു പേർ പൊലീസ് കസ്റ്റഡിയിൽ

തിരുവനന്തപുരം: നഗരത്തിൽ ലഹരിമാഫിയയുടെ ഏറ്റുമുട്ടൽ തടയാൻശ്രമിച്ചയുവാവ്കുത്തേറ്റ്മരിച്ചു. പടിഞ്ഞാറേക്കോട്ട ശ്രീവരാഹം പുന്നപുരം സ്വദേശി ശിവരാജന്റെയും ശാലിനിയുടെയും മകൻ ശ്യാം എന്ന മണിക്കുട്ടനാണ് (28) മരിച്ചത്.

ഗുരുതരമായി പരിക്കേറ്റ മണിക്കുട്ടനെ ആശുപത്രിയിലെത്തിക്കും മുമ്പ് മരിച്ചു. മണിക്കുട്ടനെ കുത്തിയ ശ്രീവരാഹം സ്വദേശി അർജ്ജുന് വേണ്ടി തെരച്ചിൽ തുടരുന്നതായി ഫോർട്ട് പൊലീസ് പറഞ്ഞു. മണിക്കുട്ടന് സഹായവുമായെത്തിയ ഉണ്ണിക്കണ്ണൻ, വിമൽ എന്നിവർക്കും കുത്തേറ്റതായിപൊലീസ്പറഞ്ഞു.

ഇവർമെഡിക്കൽകോളേജ് ആശുപത്രിയിൽചികിത്സയിലാണ്. സംഭവത്തിൽ ശ്രീവരാഹം സ്വദേശികളായ രജിത്ത് (24), മനോജ് എന്നിവരെ പൊലീസ് കസ്റ്റഡിയിലെടുത്തു.

ഇന്നലെരാത്രിപതിനൊന്നിനായിരുന്നു സംഭവം. ശ്രീവരാഹത്തിന് സമീപം റോഡ് വക്കിൽ പരസ്പരം അടിപിടികൂടുകയായിരുന്ന സമീപവാസികളായനാല്പേരെബൈക്കിലെത്തിയമണിക്കുട്ടൻപിടിച്ചുമാറ്റാൻശ്രമിച്ചിരുന്നു.

ഇതിനിടെയാണ് സംഘത്തിലുണ്ടായിരുന്ന അർജ്ജുൻ കൈയിലുണ്ടായിരുന്ന കഷിപൊട്ടിച്ച് മണിക്കുട്ടനെ കുത്തിയതെന്നാണ് പൊലീസ് നൽകുന്ന സൂചന.

ശാലിനി, ശ്യാമ എന്നിവരാണ് മണിക്കുട്ടന്റെ സഹോദരിമാർ. രണ്ടാഴ്ചയ്ക്കിടെ ലഹരി സംഘങ്ങളുടെ നേതൃത്വത്തിൽ തലസ്ഥാനത്ത് നടക്കുന്ന മൂന്നാമത്തെ കൊലപാതകമാണിത്.

തലവര

മൻ കീ ബാത്ത് പറയുകയല്ല, ജനങ്ങളെ കേൾക്കുകയാണ് പ്രധാനം - രാഹുൽ

കോമൺ മാൻ കാ ബാത്ത്...

റാഫേൽ രേഖകൾ ഹാജരാക്കാനാവില്ല: കേന്ദ്രം
പേജ് 10

മുഷ്പത് ഐ.എ.എസുകാർ കേരളം വിടുന്നു
പേജ് 7